**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1535** **19-01-2021 - ൽ മറുപടിയ്ക്ക്**

**കർഷക ആത്മഹത്യകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കർഷക ആത്മഹത്യകൾ നടന്നുവെന്ന് അറിയിക്കുമോ; | (എ) | 2018ലെയും തുടർന്ന് 2019ലെയും അനിതര സാധാരണമായ മഹാപ്രളയങ്ങളിൽ വസ്തുവകകളും കാർഷിക നഷ്ടവും സംഭവിച്ച കർഷകർ കാർഷിക/ വ്യക്തിഗത ബാങ്ക് വായ്പാ കടബാദ്ധ്യതയിലും തുടർന്നുള്ള തിരിച്ചടവില്ലുള്ള ഭീതിയിലും സർക്കാരിന്റെ വിവിധ സഹായ പദ്ധതികൾ നിലവിലുള്ള സാഹചര്യത്തിലും വയനാട് ജില്ലയിൽ 10ഉം ഇടുക്കി ജില്ലയിൽ 11ഉം കണ്ണൂർ ജില്ലയിൽ 2ഉം എറണാകുളം, കാസർഗോഡ് ജില്ലകളിൽ ഒന്നും വീതം കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ കർഷക ആത്മഹത്യകളുടെ പ്രധാന കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | 2018ലെയും തുടർന്ന് 2019ലെയും അനിതര സാധാരണമായ മഹാപ്രളയങ്ങളിൽ വസ്തുവകകളും കാർഷിക നഷ്ടവും സംഭവിച്ച കർഷകർ കാർഷിക/ വ്യക്തിഗത ബാങ്ക് വായ്പാ കടബാദ്ധ്യതയിലും തുടർന്നുള്ള തിരിച്ചടവില്ലുള്ള ഭീതിയിലും സർക്കാരിന്റെ വിവിധ സഹായ പദ്ധതികൾ നിലവിലുള്ള സാഹചര്യത്തിലും വയനാട് ജില്ലയിൽ 10ഉം ഇടുക്കി ജില്ലയിൽ 11ഉം കണ്ണൂർ ജില്ലയിൽ 2ഉം എറണാകുളം, കാസർഗോഡ് ജില്ലകളിൽ ഒന്നും വീതം കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. എന്നാൽ കർഷക ആത്മഹത്യ തടയുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വിള പരിപാലന പദ്ധതി, പ്രകൃതിക്ഷോഭം മൂലമുള്ള നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ് പദ്ധതി, പ്രളയത്തിൽ തകർന്ന കാർഷിക മേഖലയുടെ പുനഃസ്ഥാപനത്തിന് ആനുകൂല്യങ്ങൾ തുടങ്ങി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ